**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **02-02-2026 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ഇടതുകര കനാൽ പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലവിതരണം ആകെ തകർന്ന് കിടക്കുന്ന ചാലക്കുടി ഇടതുകര കനാലിന്റെ പുനരുദ്ധാരണത്തിന് 2025-26 വർഷം എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വാർഷിക അറ്റകുറ്റപ്പണികൾക്ക് തുക വകയിരുത്താത്തതിനാൽ പദ്ധതി പ്രദേശത്തെ ബഹുഭൂരിപക്ഷം വരുന്ന പ്രദേശങ്ങളിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരമാർഗ്ഗം വിശദമാക്കാമോ? | (എ) | **2025 - 26** വർഷത്തിൽ **25** പ്രവൃത്തികൾക്കായി നോൺ പ്ലാൻ ഫണ്ടിൽ **91.10** ലക്ഷം രൂപയും Priority Head - ൽ **2** പ്രവൃത്തികൾക്കായി **9.68** ലക്ഷം രൂപയും നൽകിയിട്ടുണ്ട്. പൊരിങ്ങൽകുത്തിൽ നിന്നുള്ള വെള്ളത്തിന്റെ ദൗർലഭ്യവും നിലവിലുള്ള കനാലിന്റെ ശോചനീയാവസ്ഥ മൂലം കനാലുകളുടെ വാലറ്റം വരെ വെള്ളം എത്തിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്.<br><br>**Revamping of Chalakudy River Diversion Scheme** എന്ന പ്രവൃത്തിയുടെ **371.67** കോടി രൂപയുടെ **DPR** RIDF പോർട്ടലിൽ (PSAM module വഴി) upload ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ